## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2200** **16.08.2017-ൽ മറുപടിക്ക്**

## ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ: | | ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാരിന്റെ ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം സംസ്ഥാനത്ത് വൈദ്യുതീകരണത്തിനായി എത്ര കോടി രൂപ അനുവദിച്ചു; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കുമോ; | (എ) | ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയുടെ മൊത്തം പദ്ധതി തുക 482.96 കോടി രൂപയാണ്. ഇതിന്റെ 60% ഗ്രാന്റായ 289.776 കോടി രൂപയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. നാളിതുവരെ 86.932 കോടി രൂപ ലഭിച്ചു. ഇതിൽ 75.354 കോടി രൂപ ചെലവഴിച്ചു. |
| (ബി) | ഗ്രാമീണ വൈദ്യുതീകരണത്തിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപ ലഭിച്ചു; അതിൽ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ; | (ബി) | ഉണ്ട്. ദീൻ ദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയിൽ ആകെ ലഭിച്ച 86.932 കോടി രൂപ യിൽ 46.002 കോടി രൂപ ഗ്രാമീണ വൈദ്യുതീ കരണത്തിനായി ഉപയോഗിച്ചു. |
| (സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം സമ്പൂർണ്ണ വൈദ്യുത പദ്ധതിക്കായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ? | (സി) | ജൂലൈ 2017-ലെ കണക്കുപ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്കായി ഏകദേശം 171 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

Lemalilla

**സെക്ഷൻ ഓഫീസർ**